**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1143** **30-06-2022 - ൽ മറുപടിയ്ക്ക്**

**ലെനിൻ രാജേന്ദ്രൻ സാംസ്കാരിക കേന്ദ്രവും തീയറ്റർ കോംപ്ലക്സും**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ലെനിൻ രാജേന്ദ്രന്റെ ജന്മനാടായ ഊരൂട്ടമ്പലത്ത് ഭൂമി വാങ്ങി സാംസ്കാരിക കേന്ദ്രവും തീയറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ; ഭൂമി വാങ്ങുന്നതിനായുള്ള നിലവിലെ നടപടികളും തുടർനടപടികളും എന്താണെന്നും വിശദമാക്കാമോ? | (എ) | ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ അദ്ദേഹത്തിന്റെ ജന്മനാടായ ഊരൂട്ടമ്പലത്ത് സാംസ്കാരിക കേന്ദ്രവും തീയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനായി നിലവിൽ ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള 92 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഈ സ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ പദ്ധതി നടത്തിപ്പിന്റെ ചുമതലയുള്ള എം.ഡി, കെ.എസ്.എഫ്.ഡി.സി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. ഇവ ലഭ്യമാക്കിയ ശേഷം തുടർനടപടികളിലേയ്ക്ക് കടക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ